"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - ഇരിങ്ങാലക്കുട നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.729/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/04/2020

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.05.2018 തീയതിയിലെ ഇ11(ക്യൂ.വി.70/16/റ്റി.എസ്.ആർ) 21708/16നമ്പർ കത്ത്

2 സർക്കാരിന്റെ 13.11.2018 തീയതിയിലെ ഇയു2-343/2018/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യഡയറക്ടറുടെ 22.11.2019 തീയതിയിലെ വി3-25998/18നമ്പർ കത്ത്.

**ഉത്തരവ്**

ഇരിങ്ങാലക്കുട നഗരസഭയിലെ എം.സി.പി. കൺവെൻഷൻ സെന്ററിനെതിരായ പരാതി സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നജ്മ എൻ എച്ച്, മുൻ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പി ആർ സ്റ്റാൻലി എന്നിവർക്ക് പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ പ്രതിവാദപത്രിക സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം, ടിയാളുകൾ സമർപ്പിച്ച പ്രതിവാദപത്രികപ്രകാരം, വിശദമായി പരിശോധിച്ചു. ഇരിങ്ങാലക്കുട നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC&A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ ഇരിങ്ങാലക്കുട നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നജ്മ എൻ എച്ച്, മുൻ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പി ആർ സ്റ്റാൻലി എന്നിവർക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എറണാകുളം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എറണാകുളം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,
(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ